VIII അവകാശലംഘന പ്രശ്നങ്ങൾ

(1) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തവ

മി. സ്പീക്കർ: ജന്മഭൂമി ദിനപത്രത്തിന്റെ കൊച്ചി എഡിഷനിൽ 27-8-2003-ൽ "ഇനി വെളിച്ചത്തു വരേണ്ടതു ഗൂഢാലോചന" എന്ന തലക്കെട്ടിൽ വന്ന ലേഖനം നിയമസഭാംഗം ശ്രീ. പി. ജയരാജനെ പൊതുജനമദ്ധ്യത്തിൽ അപകീർത്തിപ്പെടുത്തുന്നതാണെന്ന് ആരോപിച്ചുകൊണ്ട് പത്രത്തിന്റെ പ്രിൻറർ ആന്റ് പബ്ളിഷർ, മാനേജിംഗ് എഡിറ്റർ, എഡിറ്റർ, ലേഖകൻ എന്നിവർക്കെതിരെ ശ്രീ. എം.വി. ജയരാജൻ ഒരു അവകാശലംഘന നോട്ടീസ് നൽകിയിരുന്നു.

ഈ പ്രശ്നം ചെയർ വിശദമായി പരിശോധിച്ചു. പത്രത്തിന്റെ ബന്ധപ്പെട്ട വരിൽ നിന്നും വിശദീകരണം തേടിയിരുന്നു. ലഭിച്ച വിശദീകരണത്തിലും നിയമസഭാസാമാജികനായ ശ്രീ. പി. ജയരാജനെതിരെ പ്രസ്തുത ലേഖനത്തിൽ മോശപ്പെട്ട പദപ്രയോഗങ്ങൾ നടത്തിയതിനെ ന്യായീകരിക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്. ആയതിനാൽ ഈ പ്രശ്നം പരിശോധനയ്ക്കും റിപ്പോർട്ടിനുമായി നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുന്നു.

പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ 26-2-2003-ൽ നടത്തിയ പത്രസമ്മേളനത്തിലെ പരാമർശങ്ങൾ സ്പീക്കറെ അപകീർത്തിപ്പെടുത്തുന്നതും സഭയുടെയും സഭാനാഥന്റേയും അവകാശാധികാരങ്ങളെ ലംഘിക്കുന്നതാണെന്നും ആരോപിച്ചുകൊണ്ട് പ്രതിപക്ഷനേതാവിനെതിരെ അവകാശലംഘനത്തിന് ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ, ശ്രീ. ബി. വിജയകുമാർ എന്നിവർ ഓരോ നോട്ടീസ് നൽകിയിരുന്നു.

ചെയർ ഈ പ്രശ്നം വിശദമായി പരിശോധിക്കുകയും പ്രതിപക്ഷനേതാവിന്റെ വിശദീകരണം ആരായുകയും ചെയ്തിരുന്നു. വിശദീകരണം തൃപ്തികരമല്ലാത്തതിനാലും Reflections on the character and impartiality of the Speaker in the discharge of his duty (ശക്ധർ ആന്റ് കൗൾ) സഭയുടെ പ്രത്യേകാവകാശ ങ്ങളുടെ ലംഘനമായതിനാലും ഈ പ്രശ്നം പരിശോധനയ്ക്കും റിപ്പോർട്ടിനുമായി നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുന്നു.

....

(2) അനുമതി നിഷേധിക്കപ്പെട്ടവ

ഇടതുപക്ഷജനാധിപത്യമുന്നണി 17-3-2003-ൽ നടത്തിയ കണ്ണൂർ എസ്.പി. ഓഫീസ് മാർച്ചിൽവച്ചും പിന്നീട് പോലീസ് സ്റ്റേഷനിൽവച്ചും പോലീസ് മർദ്ദിച്ചുവെന്ന് ആരോപിച്ചുകൊണ്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അവകാശലംഘനത്തിന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഒരു നോട്ടീസ് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചെയർ ഈ പ്രശ്നം വിശദമായി പരിശോധിച്ചു. ഈ പ്രശ്നത്തിന് സഭയുടെ ബിസിനസുമായി നേരിട്ട് ബന്ധമില്ലാത്തതിനാൽ ഇതൊരു അവകാശലംഘനമായി പരിഗണിക്കാൻ കഴിയില്ല. എങ്കിലും പോലീസുദ്യോഗസ്ഥരുടെ അംഗത്തോടുള്ള പെരുമാറ്റം സംബന്ധിച്ച് ആഭ്യന്തരവകുപ്പിന്റെ റിപ്പോർട്ട് ചെയർ ആവശ്യപ്പെടുകയുണ്ടായി. മാർച്ചിനെത്തുടർന്ന് നടന്ന അക്രമ സംഭവങ്ങളോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിൽ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഒന്നാം പ്രതിയാണെന്നും നിയമവിധേനയുള്ള പോലീസ് നടപടി മാത്രമാണ് നടന്നിട്ടുള്ളതെന്നും ആഭ്യന്തരവകുപ്പിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അംഗമെന്ന നിലയിലുള്ള കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടല്ല ഈ പ്രശ്നം ഉണ്ടായിരിക്കുന്നത്. ആയതിനാൽ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്ക് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

വാഗമൺ പദ്ധതി സംബന്ധിച്ച് 31-7-2003-ലെ നക്ഷത്രചിഹ്നമിട്ട 767-ാം നമ്പർ ചോദ്യത്തിന്റെ ഉപചോദ്യത്തിനും പ്രതിപക്ഷ നേതാവിന്റെ 1-8-2003-ലെ സബ്മിഷനും ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നവ ആണെന്ന് ആരോപിച്ചുകൊണ്ട് മന്ത്രിക്കെതിരെ അവകാശലംഘനത്തിന് ശ്രീ. പി. സി. ജോർജ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഈ പ്രശ്നം സംബന്ധിച്ച് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ വിശദീകരണം ആരായുകയുണ്ടായി. വാഗമൺ പദ്ധതിയെ സംബന്ധിച്ചുള്ള ഗവണ്മെന്റ് നിലപാട് വ്യക്തമാക്കിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് ഗവണ്മെന്റ് ഒന്നും മറച്ചുവച്ചിട്ടില്ലെന്നും ഉദ്യോഗസ്ഥർ നൽകിയ വിവരങ്ങൾ ഒന്നും അംഗങ്ങളിൽ നിന്നും മനഃപ്പൂർവ്വമായി മറച്ചുവയ്ക്കണമെന്ന് ഉദ്ദേശിച്ചിട്ടില്ലെന്നും മന്ത്രിയുടെ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. മന്ത്രി മനഃപ്പൂർവ്വമായോ സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശത്തോടെയോ എന്തെങ്കിലും പറഞ്ഞതായി ചെയർ കരുതുന്നില്ല.

ആയതിനാൽ ശ്രീ. പി. സി. ജോർജിന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു..... .....

29-12-03-ൽ നിയമസഭാ കോംപ്ലക്സിൽവച്ച് ജലസേചനവും വൈദ്യുതിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി നടത്തിയ തെളിവെടുപ്പ് യോഗത്തിൽ പങ്കെടുപ്പിക്കുന്നതിനായി മൂവായിരത്തോളം ആളുകളെ കൊക്കകോള കമ്പനി പണം കൊടുത്തും, പ്രലോഭിപ്പിച്ചും തെറ്റിദ്ധരിപ്പിച്ചും കൊണ്ടുവന്നുവെന്നും ഇത് സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും ആരോപിച്ചുകൊണ്ട് കമ്പനിക്കെതിരെ ശ്രീ. ബിനോയ്വിശ്വം ഒരു നോട്ടീസ് നൽകിയിരുന്നു.

ഈ പ്രശ്നം ചെയർ പരിശോധിച്ചു. കൊക്കകോള ഫാക്ടറിയെ സംബന്ധിച്ച ആക്ഷേപങ്ങളിൽ പൊതുജനങ്ങളിൽ നിന്നും സബ്ജക്ട് കമ്മിറ്റി തെളിവെടുക്കുന്നതാണെന്ന് പത്രക്കുറിപ്പ് ഇറക്കിയിരുന്നു. അതനുസരിച്ച് നടന്ന

LIBRARY ARCHIVES Kerala Legislative Assembly

തെളിവെടുപ്പുമായി ബന്ധപ്പെട്ട് ലഭിച്ച രേഖകൾ സംബന്ധിച്ച് എന്തെങ്കിലും നടപടിക്ക് സബ്ജക്ട് കമ്മിറ്റി ആവശ്യപ്പെട്ടിട്ടില്ല. നടപടിക്കായി സബ്ജക്ട് കമ്മിറ്റി ആവശ്യപ്പെടാത്ത സാഹചര്യത്തിൽ ശ്രീ. ബിനോയ് വിശ്വം നൽകിയ അവകാശലംഘന നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

....

കണ്ണൂർ ജില്ലയിലെ പി. വി. വിനോദിന്റെ ദുരൂഹമരണം സംബന്ധിച്ച 24-6-2002-ലെ നക്ഷത്രചിഹ്നമിടാത്ത 801-ാം നമ്പർ ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടി യഥാർത്ഥ വസ്തുതകൾ മറച്ചുവച്ചുകൊണ്ടുള്ളതും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ആരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. ടി. കെ. ബാലൻ 1-8-2003-ൽ ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഈ പ്രശ്നം വിശദമായി പരിശോധിക്കുകയുണ്ടായി. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 156(ii) അനുസരിച്ച് അടുത്ത കാലത്ത് നടന്ന ഒരു പ്രത്യേക സംഗതിയെ സംബന്ധിച്ചു മാത്രമേ ഒരു അവകാശലംഘന പ്രശ്നം ഉന്നയിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 24-6-2002-ലെ ചോദ്യോത്തരം സംബന്ധിച്ച് ഒരു വർഷത്തിനുശേഷമാണ് ശ്രീ. ടി. കെ. ബാലൻ അവകാശലംഘന നോട്ടീസ് നൽകിയിട്ടുള്ളത്.

ആയതിനാൽ ശ്രീ. ടി. കെ. ബാലന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

....

അറസ്റ്റ് ചെയ്യപ്പെട്ട പ്രവർത്തകരെ കാണാൻ 24-3-2003-ന് പാനൂർ സ്റ്റേഷനിൽ ചെന്നപ്പോൾ സ്റ്റേഷനിലെ സർക്കിൾ ഇൻസ്പെക്ടറും, സബ് ഇൻസ്പെക്ടറും അപമര്യാദയായി പെരുമാറി എന്ന് ആരോപിച്ചുകൊണ്ട് അവർക്കെതിരെ അവകാശലംഘനത്തിന് ശ്രീ. എം. വി. ജയരാജൻ ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഈ പ്രശ്നം വിശദമായി പരിശോധിക്കുകയുണ്ടായി. ഈ പ്രശ്നത്തിന് സഭയിലെ ബിസിനസുമായി നേരിട്ട് ബന്ധമില്ല. ആയതിനാൽ ശ്രീ. എം. വി. ജയരാജന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഗവണ്മെന്റിന് സഭ മുമ്പാകെ വയ്ക്കുന്നതിന് തൽക്കാലം മറ്റ് ബിസിനസുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly